പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1130** **06.02.2020-ൽ മറുപടിക്ക്**

## ഇലക്ട്രിക്കൽ വിഭാഗം എഞ്ചിനീയറിംഗ് ജീവനക്കാരുടെ കുറവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. ദാസൻ | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിഭാഗത്തിൽ വേണ്ടത്ര എഞ്ചിനീയറിംഗ് ജീവനക്കാർ ഇല്ലാത്തത് കാരണം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ താമസം നേരിടുന്നത് വകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;<br><br>(ബി) പി.ഡബ്ല്യു.ഡി., എൽ.എസ്.ജി.ഡി. തുടങ്ങി ഒരു ജില്ലയിലെ ഒട്ടുമിക്ക ബിൽഡിംഗ് പ്രവൃത്തികളുടെയും ഇലക്ട്രിക്കൽ വർക്കുകൾ വെവ്വേറെ ചെയ്യേണ്ടി വരുന്നതിനാലും ജില്ലയിലാകെ പ്രസ്തുത വർക്കുകൾ നിർവ്വഹിക്കേണ്ട അസിസ്റ്റന്റ് എൻജിനീയർമാരുടെയും ഓവർസിയർമാരുടെയും എണ്ണം വളരെ കുറവായതിനാലും പ്രവൃത്തികൾക്ക് കാലതാമസം വരുന്നത് പരിഹരിക്കാൻ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾക്ക് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ)<br>&<br>(ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് വൈദ്യുത പ്രവൃത്തികളുടെ കാലതാമസം പരിഹരിക്കുന്നതിനായി വൈദ്യുത വിഭാഗത്തിൽ 68 അധിക തസ്തികകൾ സൃഷ്ടിക്കുകയും, പുതുതായി 2 ഡിവിഷനുകൾ, 2 സബ് ഡിവിഷനുകൾ, 7 സെക്ഷനുകൾ എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഓഫീസുകൾ പൂർണ തോതിൽ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് ഇപ്പോഴത്തെ അവസ്ഥയ്ക്ക് മാറ്റം വരുന്നതാണ്. |
| (സി) ഭാവിയിൽ ഒരു കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ പ്രവൃത്തി എസ്റ്റിമേറ്റടക്കം ഒരു വർക്കായി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | പൊതുമരാമത്ത് കെട്ടിട നിർമ്മാണത്തിലെ വൈദ്യുത പ്രവൃത്തികൾ, സിവിൽ പ്രവൃത്തികൾ എന്നിവ ഒരേ സമയം ടെൻഡർ ക്ഷണിച്ച് വ്യത്യസ്ത കരാറുകാരെ ഉപയോഗിച്ച് നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ